പേരൂർക്കട അനിൽരാജിന്റെ ദുരൂഹമരണം

70 (2999)ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് പേരൂർക്കട മത്തുവിളാകത്ത് ദേവരാജിന്റെ മകൻ അനിൽ രാജിന്റെ ദുരൂഹ മരണത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടി ട്ടുള്ള പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കേസിൽ പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് പ്രകാരം മരണകാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ആശ്രമ ചികിത്സക്കിടയിലെ പീഡനംമൂലമാണ് മരണമുണ്ടായ തെന്ന് പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് കൊലക്കുറ്റത്തിന് കേസെടുത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള ആശ്രമത്തിന്റെ പ്രവർത്തനങ്ങ ളെക്കുറിച്ച് അന്വേഷണം നടത്തിയോ; അവിടം പരിശോധിച്ച് തെളിവ് ശേഖരി ച്ചിട്ടുണ്ടോ;

(എഫ്)ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തി ട്ടുണ്ടോ;

(ജി) ദുരൂഹതകൾ നിറഞ്ഞ ആശ്രമത്തിൽ വച്ച് നടന്നതായി ആരോ പിക്കപ്പെടുന്ന ഈ സംഭവം ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കാൻ നട പടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തലയിൽ വലതുവശം ചെവിക്ക് പുറകിലായി ഏറ്റ പരിക്കിന്റെ കാഠിന്യം കൊണ്ടാണ് മരണപ്പെട്ടത് എന്ന് പ്രത്യക്ഷത്തിൽ കാണുന്നതായി പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറഞ്ഞി ട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിതമായി അന്വേഷണത്തിലാണ്.

(ഇ) കേസിനാസ്പദമായ സംഭവം നടന്ന കീഴാവൂർ രാജരാജേശ്വരി ക്ഷേത്രത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ചുവരുന്നു.

(എഫ്) ഇല്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly